# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1866 — 07.03.2018 — ൽ മറുപടിക്ക്

## റേഷൻ വിതരണം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ<br>,, സി.കെ. ഹരീന്ദ്രൻ<br>,, കെ.വി.വിജയദാസ്<br>,, പി.വി. അൻവർ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് റേഷൻ സാധനങ്ങളുടെ വിതരണം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) റേഷൻ വിതരണം സംബന്ധിച്ച എന്തെല്ലാം കാര്യങ്ങളാണ് പൊതു വിതരണ വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് അറിയാൻ സാധിക്കുന്നത്; വ്യക്തമാക്കാമോ;

(എ) യും (ബി) യും സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിനായി ഏപ്രിൽ അവസാനത്തോടെ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ റേഷൻ കടകളിലും 'വാതിൽപ്പടി വിതരണം' മുഖേന റേഷൻ സാധനങ്ങൾ എത്തിച്ചു വരുന്നുണ്ട്. റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി. മുഖാന്തിരം തയ്യാറാക്കി വരുന്നു. ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് റേഷൻ കാർഡുടമകളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് എസ്.എം.എസ്. സന്ദേശം നൽകി വരുന്നുണ്ട്. കൂടാതെ പത്രപരസ്യവും നൽകി വരുന്നു. പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ കാൾ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റേഷൻ സംബന്ധിച്ച ട്രാൻസാക്ഷനുകൾ, സ്റ്റോക്ക് വിവരങ്ങൾ മുതലായവ epos.kerala.gov.in എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്കുൾപ്പെടെ നിരീക്ഷിക്കാൻ സാധിക്കും. റേഷൻ പ്രതിമാസ വിഹിതം വകുപ്പിന്റെ പോർട്ടലിൽ (civilsupplieskerala.gov.in) പ്രദർശിപ്പിച്ചിട്ടുണ്ട്.

(സി) റേഷൻ സാധനങ്ങളുടെ ചോർച്ച തടയുന്നതിന് റേഷൻ സാധനങ്ങൾ എത്തിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

(സി) റേഷൻ വിതരണ രംഗത്തെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി റേഷൻ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഘടിപ്പിക്കുന്നത് സംബന്ധിച്ച് ടെണ്ടറുകൾ ക്ഷണിക്കുന്നതിനായി Request For Proposal (RFP) തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ